## പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

## ഇരുപത്തിഏഴാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)-യുടെ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച പത്താമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-2016)

**ഇരുപത്തിഏഴാമത് റിപ്പോർട്ട്**

(2015 ഡിസംബർ മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)-യുടെ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച പത്താമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

1325/2015.

## ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| അദ്ധ്യായം I : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. പി. സജീന്ദ്രൻ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അജിത്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ശശി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. വി. വിജയദാസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

# ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഇരുപത്തിഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 നവംബർ മാസം 25-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 3.

# റിപ്പോർട്ട്

## അദ്ധ്യായം I

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)-യുടെ പത്താമത് റിപ്പോർട്ട്, സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ചുള്ളതായിരുന്നു. 2014 ജനുവരി മാസം 30-ാം തീയതി സഭയിൽ സമർപ്പിച്ച പ്രസ്തുത റിപ്പോർട്ടിൽ, പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താനും പ്രസ്തുത സ്ഥാപനങ്ങളിലെ അന്തേവാസികളായ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കും ഉതകുന്ന തരത്തിലുള്ള 42 ശിപാർശകളും നിർദ്ദേശങ്ങളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

2. റിപ്പോർട്ടിലെ ശിപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലും തുടർനടപടി സ്വീകരിക്കുന്നതിനും അതു സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുന്നതിനുമായി റിപ്പോർട്ടിന്റെ പകർപ്പുകൾ പട്ടികജാതി പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, പൊതുവിദ്യാഭ്യാസം, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുക്കുക യുണ്ടായി. റിപ്പോർട്ടിലെ ശിപാർശയിന്മേൽ പൊതുവിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യ കുടുംബക്ഷേമം, തദ്ദേശസ്വയംഭരണം, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ 12-8-2015, 19-8-2015, 15-9-2015, 7-10-2015 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)-യുടെ പത്താമത് റിപ്പോർട്ടിലെ ശിപാർശകൾ, അവയ്ക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, പൊതുവിദ്യാഭ്യാസം, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

### സമിതി (2011-14)-യുടെ പത്താമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികളും

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

ശിപാർശ നമ്പർ 1 (ഖണ്ഡിക നമ്പർ 3)

**വൈത്തിരി പ്രീ മെട്രിക് ഹോസ്റ്റൽ**

ഹോസ്റ്റൽ പരിസരത്ത് നിക്ഷേപിച്ചിരിക്കുന്ന പാഴ്വസ്തുക്കൾ അടിയന്തരമായി നീക്കം ചെയ്യണമെന്നും ബാത്ത്റൂമിന്റെയും ടോയ്ലെറ്റിന്റെയും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും എയർഹോളുകൾ ക്ലീൻ ചെയ്ത് നെറ്റ് സ്ഥാപിക്കുന്നതിനും കുട്ടികൾക്ക് കൊതുകുവല നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

1325/2015.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

വൈത്തിരി പ്രീ മെട്രിക് ഹോസ്റ്റൽ പരിസരത്ത് നിക്ഷേപിച്ചിരുന്ന പാഴ്വസ്തുക്കൾ നീക്കം ചെയ്തിട്ടുണ്ട്. ബാത്ത്റൂമിന്റെയും ടോയ്ലെറ്റുകളുടെയും തകർന്ന വാതിലുകൾ മാറ്റുകയും കുട്ടികൾക്ക് കൊതുകുവല നൽകുകയും ചെയ്തിട്ടുണ്ട്. എയർഹോളുകളിൽ നെറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ നമ്പർ 2 (ഖണ്ഡിക നമ്പർ 6)</u>

**പ്രീ മെട്രിക് ഹോസ്റ്റൽ, കൊല്ലങ്കോട്**

പഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് എത്രയുംവേഗം എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുംകൂടി പുതിയ കെട്ടിടം പണിയുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തുവക സ്ഥലത്ത് ഒരു കോടി രൂപ ചെലവിൽ ഹോസ്റ്റൽ കെട്ടിടം പണി പുരോഗമിച്ചുവരുന്നു. 50% പണി പൂർത്തിയായിട്ടുണ്ട്.

<u>ശിപാർശ നമ്പർ 3 (ഖണ്ഡിക നമ്പർ 8)</u>

**പ്രീ മെട്രിക് ഹോസ്റ്റൽ, അഗളി**

കുട്ടികളുടെ സുരക്ഷയ്ക്കായി അടിയന്തരമായി ഹോസ്റ്റലിന്റെ കിഴക്കുവശത്തെ മതിൽ നിർമ്മിക്കുന്നതിനും, ടോയ്ലെറ്റുകൾ ടൈൽസ് പാകുന്നതിനും കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യുന്ന പാചകപ്പുരയിൽ അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വകുപ്പിന്റെ അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

അഗളി പ്രീ മെട്രിക് ഹോസ്റ്റലിന്റെ പഴയ കെട്ടിടത്തിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. 60 കുട്ടികൾക്കായുള്ള കെട്ടിടത്തിൽ അധികം കുട്ടികളെ പ്രവേശിപ്പിക്കേണ്ടിവരുന്നതിനാലാണ് ഇത്തരം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത്. പുതിയ കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുണ്ട്.

<u>ശിപാർശ നമ്പർ 4 (ഖണ്ഡിക നമ്പർ 27)</u>

**പ്രീ മെട്രിക് ഹോസ്റ്റൽ, അടൂർ**

അടൂരിലെ പെൺകുട്ടികളുടെ പ്രീ മെട്രിക് ഹോസ്റ്റലിന്റെ മുൻവശത്തായി മൃഗാശുപത്രി സ്ഥാപിക്കാനുള്ള അടൂർ നഗരസഭയുടെ തീരുമാനം പുനഃപരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

അടൂർ പ്രീ മെട്രിക് ഹോസ്റ്റലിന്റെ മുൻവശത്തായി മൃഗാശുപത്രി സ്ഥാപിക്കുന്നതിനുള്ള തീരുമാനം ബഹു. സമിതിയുടെ ശിപാർശ പ്രകാരം നഗരസഭ ഉപേക്ഷിച്ചിട്ടുള്ളതായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ii) <u>തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പിന്റെ 18-8-2015-ലെ 26914/ഡി.സി.3/2014/തസ്വഭവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

അടൂർ നഗരസഭ IV-ാം വാർഡിൽ പ്രീ മെട്രിക് ഹോസ്റ്റലിനും മൃഗാശുപത്രി കെട്ടിടനിർമ്മാണത്തിനും വേണ്ടി അടൂർ വില്ലേജിൽ സർവ്വേ നമ്പർ 757/8-ൽപ്പെട്ട 13.41 ആർ സ്ഥലം നഗരസഭ വാങ്ങിയത് നഗരസഭയുടെ തനത്ഫണ്ട് ഉപയോഗിച്ചാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾ താമസിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റൽ കോമ്പൗണ്ടിൽ, മൃഗാശുപത്രി സ്ഥാപിക്കുന്നതിനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്നുള്ള പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ (2011-14) 10-ാമത് റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സമിതിയുടെ ശിപാർശ നഗരസഭയെ അറിയിച്ചിട്ടുള്ളതും, ഹോസ്റ്റലിനോട് ചേർന്ന് മൃഗാശുപത്രിയുടെ പ്രവർത്തനം കുട്ടികൾക്ക് പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നത് ഒരു പ്രധാന വസ്തുതയാണെന്നും സ്കൂൾ വിദ്യാർത്ഥികളായ അന്തേവാസികൾക്ക് മുറ്റത്ത് കളിക്കുവാനും, വസ്ത്രങ്ങൾ കഴുകി ഉണക്കുന്നതിനുമെല്ലാം ഹോസ്റ്റലിനുമുന്നിൽ സ്ഥലം ആവശ്യമാണെന്നുമുള്ള വസ്തുതകൾ കണക്കിലെടുത്ത് അടൂർ പ്രീ-മെട്രിക് ഹോസ്റ്റൽ കോമ്പൗണ്ടിൽ മൃഗാശുപത്രി നിർമ്മിക്കുന്ന ഉദ്യമത്തിൽ നിന്നും നഗരസഭ പിൻമാറിയതായി 7-3-2015-ൽ നഗരസഭ ചെയർമാനുമായുള്ള ചർച്ചയിൽ ജില്ലാ പട്ടികജാതി വികസന ഓഫീസറെ അറിയിക്കുകയും ചെയ്തതായി അടൂർ മുനിസിപ്പൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു.

<u>ശിപാർശ നമ്പർ 5 (ഖണ്ഡിക നമ്പർ 38)</u>

**പ്രീ മെട്രിക് ഹോസ്റ്റൽ, അച്ചൻകോവിൽ**

വിദ്യാഭ്യാസത്തിന്റെ മൂല്യങ്ങളെപ്പറ്റി രക്ഷിതാക്കളെ ബോധവൽക്കരിക്കണമെന്നും സ്കൂളിൽപോകാതെ നിൽക്കുന്ന എല്ലാ കുട്ടികളെയും സൗകര്യപ്രദമായ ഹോസ്റ്റലുകളിൽ താമസിപ്പിച്ച് സ്കൂളിൽ അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

SC പ്രൊമോട്ടർമാരുടെ സഹായത്തോടെ രക്ഷകർത്താക്കൾക്ക് ബോധവൽക്കരണം നടത്തി എല്ലാ വിദ്യാർത്ഥികളെയും സൗകര്യപ്രദമായ ഹോസ്റ്റലുകളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

അച്ചൻകോവിലിലും സമീപകോളനികളിലും ഉള്ള സ്കൂളിൽ പ്രവേശനം നേടാത്ത കുട്ടികളെ അധ്യയനവർഷാരംഭം തന്നെ കണ്ടെത്തി സ്കൂളിൽ ചേർക്കുന്നതിന് പട്ടികവർഗ്ഗ പ്രൊമോട്ടർമാർ മുഖാന്തിരം നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ജില്ലയിലെ ഓരോ ഹോസ്റ്റലിലും പ്രവേശനത്തിനായി എത്തുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഭൗതിക സാഹചര്യങ്ങളുടെ ലഭ്യതയ്ക്കനുസൃതമായി പ്രവേശനം നൽകിവരുന്നു.

<u>ശിപാർശ നമ്പർ 6 (ഖണ്ഡിക നമ്പർ 39)</u>

അച്ചൻകോവിൽ പ്രീ മെട്രിക് ഹോസ്റ്റലിന്റെ പുതിയ കെട്ടിടനിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കണമെന്നും അച്ചൻകോവിലിൽ ആൺകുട്ടികൾക്കുകൂടി പ്രീ മെട്രിക് ഹോസ്റ്റൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

അച്ചൻകോവിൽ പ്രീ മെട്രിക് ഹോസ്റ്റൽ നിലവിൽ പ്രവർത്തിച്ചുവരുന്ന കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ ഹോസ്റ്റൽ പ്രവർത്തിപ്പിക്കുന്നതിന് അച്ചൻകോവിലിൽ നിലവിലുള്ള ക്വാർട്ടേഴ്സുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് ലഭ്യമായിട്ടുള്ള എസ്റ്റിമേറ്റുപ്രകാരമുള്ള നടപടികൾ ഉടൻ പൂർത്തീകരിക്കുന്നതാണ്.

<u>ശിപാർശ നമ്പർ 7 (ഖണ്ഡിക നമ്പർ 39)</u>

അച്ചൻകോവിലിൽ സ്കൂളിൽ പോകാതെ നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പട്ടികജാതിക്കായി നീക്കിവച്ചിട്ടുള്ളതിൽ ഒഴിവുള്ള ഹോസ്റ്റലുകളിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിൽ പട്ടികജാതി വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുള്ള സീറ്റുകളിൽ അവരുടെ അഭാവത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിവരുന്നു.

<u>ശിപാർശ നമ്പർ 8 (ഖണ്ഡിക നമ്പർ 43)</u>

**പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, കണ്ണൂർ**

കണ്ണൂർ പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിലവിലുള്ള കെട്ടിടം നിലനിർത്തിക്കൊണ്ടുതന്നെ, ഹോസ്റ്റലിന്റെ പുറകിലുള്ള സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

കണ്ണൂർ താണയിൽ പ്രവർത്തിക്കുന്ന ആൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം പണിയുന്നതിന് എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് PWD യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശിപാർശ നമ്പർ 9 (ഖണ്ഡിക നമ്പർ 52)</u>

പട്ടികജാതി വികസന വകുപ്പിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തേണ്ട എല്ലാ ഹോസ്റ്റലുകളിലെയും അറ്റകുറ്റപ്പണികൾ ത്വരിതപ്പെടുത്തുന്നതിനും പൊതുമരാമത്ത് കെട്ടിടവിഭാഗം ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

വകുപ്പിന് കീഴിലുള്ള എല്ലാ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. 87 പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ആൺകുട്ടികളുടെ 10 ഹോസ്റ്റലുകൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും അറ്റകുറ്റപ്പണി ആവശ്യമായ ഹോസ്റ്റലുകളിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുന്നതിനും ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 110 ഹോസ്റ്റലുകളിൽ 97 എണ്ണം വകുപ്പ്വക/സർക്കാർ കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. സ്വന്തമായി കെട്ടിടം ഇല്ലാത്തതും വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമായ 13 ഹോസ്റ്റലുകളിൽ സ്ഥലസൗകര്യം ലഭ്യമായ 2 ഹോസ്റ്റലുകൾക്ക് പുതിയതായി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റ് ഹോസ്റ്റലുകൾക്ക് സ്ഥലം ലഭ്യമായാൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മൂന്ന് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ, നിലവിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന പട്ടം ഹോസ്റ്റലിനായി സ്വന്തം കെട്ടിടം മണ്ണന്തലയിൽ പൂർത്തിയായിവരുന്നു.

(iii) പൊതുമരാമത്ത് (ഇ) വകുപ്പിന്റെ 13-8-2015-ലെ 10677/ഇ 3/2014/ പൊ.മ.വ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പട്ടികജാതി വികസന വകുപ്പിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തേണ്ട എല്ലാ ഹോസ്റ്റലുകളിലെയും അറ്റകുറ്റപ്പണികൾ ത്വരിതപ്പെടുത്തുന്നതിനും പൊതുമരാമത്ത് കെട്ടിടവിഭാഗം ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കണമെന്നുമുള്ള സമിതിയുടെ ശിപാർശയിന്മേൽ, സ്വന്തമായി കെട്ടിടമില്ലാത്ത പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്ക് ബന്ധപ്പെട്ട ഭരണ വകുപ്പ് സ്ഥലം ഏറ്റെടുത്ത് അറിയിച്ചാൽ വിശദമായ എസ്റ്റിമേറ്റ് എടുക്കുന്നതിനും, പ്രസ്തുത എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതിയും ഫണ്ടും ലഭ്യമാകുന്നമുറയ്ക്ക് യാതൊരു അലംഭാവവും കൂടാതെ പ്രവർത്തികൾ ഏറ്റെടുത്ത് ഉത്തരവാദിത്വത്തോടെ ചെയ്യുന്നതിന് തയ്യാറാണെന്നും പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കൂടാതെ, നിലവിലുള്ള ഹോസ്റ്റലുകളിലെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കിയാൽ ആയതും കൃത്യമായി നിർവ്വഹിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 10 (ഖണ്ഡിക നമ്പർ 53)

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ ഒഴിവുള്ള എല്ലാ സീറ്റിലേക്കും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

ഒഴിവുള്ള സീറ്റുകളിൽ എസ്.ടി. വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിവരുന്നുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പട്ടികജാതി വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുള്ള സീറ്റുകളിൽ അവരുടെ അഭാവത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിവരുന്നു.

ശിപാർശ നമ്പർ 11 (ഖണ്ഡിക നമ്പർ 54)

അനുവദനീയമായ എണ്ണത്തേക്കാൾ കൂടുതൽ കുട്ടികളെ താമസിപ്പിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ ആവശ്യമെങ്കിൽ അഡീഷണൽ ബ്ലോക്ക് നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

അടിസ്ഥാന സൗകര്യമില്ലാത്ത ഹോസ്റ്റലുകളിൽ അനുവദനീയമായതിൽ കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കാറില്ല. ആവശ്യകത ശ്രദ്ധയിൽപ്പെടുന്ന ഹോസ്റ്റലുകളിൽ സമിതിയുടെ ശിപാർശ പ്രകാരം അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾ ഭൂരിഭാഗവും 10 മുതൽ 60 സെന്റ് വരെയുള്ള സ്ഥലത്താണ് നിലകൊള്ളുന്നത്. ആയതിനാൽ സ്ഥലപരിമിതിമൂലം അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുക പ്രായോഗികമല്ല. അധികം കുട്ടികളെ പാർപ്പിക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ മതിയായ സ്ഥലസൗകര്യമുണ്ടെങ്കിൽ അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് പുതിയതായി നിർമ്മിക്കുന്ന ഹോസ്റ്റലുകൾ ഭൂരിഭാഗവും 100 കുട്ടികൾക്ക് വേണ്ടിയുള്ളതാണ് എന്നുള്ള കാര്യവും ശ്രദ്ധയിൽപ്പെടുത്തുന്നു.

ശിപാർശ നമ്പർ 12 (ഖണ്ഡിക നമ്പർ 55)

എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും ആവശ്യാനുസരണം ലൈറ്റ്, ഫാൻ, ഫർണിച്ചറുകൾ, ബ്ലാക്ക്ബോർഡ് എന്നിവ അനുവദിക്കണമെന്നും ആധുനികരീതിയിലുള്ള ടോയ്‌ലെറ്റുകളും ബാത്ത്റൂമുകളും നിർമ്മിച്ചുനൽകണമെന്നും ടൈൽ പാകിയിട്ടില്ലാത്ത ഹോസ്റ്റലുകളിൽ ടൈൽ പാകണമെന്നും ഇലക്ട്രിക് ലൈനുകൾ കാലാകാലങ്ങളിൽ റീവയറിംഗ് നടത്തണമെന്നും യഥാസമയം ഹോസ്റ്റലുകളുടെ മറ്റ് അറ്റകുറ്റപ്പണികൾ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും ടെലിവിഷൻ, ഫ്രിഡ്ജ്, വാട്ടർ പ്യൂരിഫയർ എന്നിവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പ്രീ മെട്രിക് ഹോസ്റ്റലുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത പദ്ധതിയാണ്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട് കൂടി ലഭ്യമാക്കി ശിപാർശ നടപ്പാക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ സമിതി ശിപാർശകൾ നടപ്പിലാക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ പ്രീ മെട്രിക്/ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലേക്കും 3.10 കോടി രൂപ ചെലവഴിച്ച് കട്ടിൽ, മെത്ത, കമ്പ്യൂട്ടർ ടേബിൾ, പഠനമേശ, ടി.വി., ഫ്രിഡ്ജ്, ഗ്രൈന്റർ, മിക്സി, വാട്ടർ പ്യൂരിഫയർ, എമർജൻസി ലാമ്പ് തുടങ്ങിയ സാധനങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ കഴിഞ്ഞ 2 വർഷങ്ങളിലായി 8 കോടി രൂപ ചെലവിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾ, അടിസ്ഥാന സൗകര്യ വികസനത്തിനുതകുന്ന പ്രവർത്തികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

ശിപാർശ നമ്പർ 13 (ഖണ്ഡിക നമ്പർ 56)

സ്വന്തമായി കിണറില്ലാത്ത എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും കിണർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ ഹോസ്റ്റലുകളിലും മഴവെള്ള സംഭരണികൾ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

അടിയന്തര നടപടി സ്വീകരിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

സ്ഥലത്തിന്റെ ലഭ്യതയും ജലം ലഭ്യമാകുന്നതിനുള്ള സാധ്യതയും കണക്കിലെടുത്ത് ആവശ്യമായ ഹോസ്റ്റലുകളിൽ കിണർ കുഴിക്കുന്നതിനും നിലവിൽ മഴവെള്ള സംഭരണികൾ ഇല്ലാത്തതും ആയത് നിർമ്മിക്കാൻ കഴിയുന്നിടങ്ങളിൽ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ നമ്പർ 14 (ഖണ്ഡിക നമ്പർ 57)

പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ ഭൂമി അളന്നുതിരിച്ച് ചുറ്റുമതിലില്ലാത്ത എല്ലാ ഹോസ്റ്റലുകൾക്കും ചുറ്റുമതിൽ നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

അടിയന്തര നടപടി സ്വീകരിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ നമ്പർ 15 (ഖണ്ഡിക നമ്പർ 58)

സ്വന്തമായി കളിസ്ഥലമില്ലാത്ത എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്കും കളിസ്ഥലം നിർമ്മിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഗുണനിലവാരമുള്ള സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിനൽകണമെന്നും അതിന് പര്യാപ്തമായ രീതിയിൽ അലവൻസ് വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് തുക വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. കളിസ്ഥലം ഇല്ലാത്ത ഹോസ്റ്റലുകളിൽ കളിസ്ഥലം ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് തുടർനടപടി സ്വീകരിക്കാൻ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

സ്ഥലസൗകര്യം ഒരു പ്രായോഗിക തടസ്സമാണെങ്കിലും സമിതിയുടെ ശിപാർശ പൂർണ്ണമായ അർത്ഥത്തിൽ ഉൾക്കൊണ്ട് തുടർനടപടി സ്വീകരിക്കുന്നതാണ്.

എല്ലാ ഹോസ്റ്റലിലും അവശ്യംവേണ്ട സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

ശിപാർശ നമ്പർ 16 (ഖണ്ഡിക നമ്പർ 59)

ഭാവിയിൽ പുതിയ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനായി സ്ഥലം തെരഞ്ഞെടുക്കുമ്പോൾ ജലലഭ്യതയും യാത്രാസൗകര്യങ്ങളുമുള്ള പ്രദേശങ്ങൾ തെരഞ്ഞെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പുതിയ ഹോസ്റ്റലുകൾ നിർമ്മിക്കുമ്പോൾ ജലലഭ്യതയും യാത്രാസൗകര്യവും ഉറപ്പുവരുത്തുന്നതാണ്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

സമിതിയുടെ നിർദ്ദേശം നിലവിൽ പൂർണ്ണമായും പാലിക്കുന്നുണ്ട്.

ശിപാർശ നമ്പർ 17 (ഖണ്ഡിക നമ്പർ 60)

എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും മൂന്നുമാസത്തിലൊരിക്കൽ എന്ന കണക്കിൽ വർഷത്തിൽ നാലുതവണയെങ്കിലും ഉപദേശകസമിതിയോഗം ചേർന്ന് ഹോസ്റ്റൽ പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും പ്രസ്തുത യോഗങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ പങ്കെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

സമയബന്ധിതമായി ഉപദേശകസമിതിയോഗങ്ങൾ ചേരുന്നതിനും ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ പങ്കെടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ഉപദേശകസമിതികൾ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്നുവരുന്നു.

ശിപാർശ നമ്പർ 18 (ഖണ്ഡിക നമ്പർ 61)

അധ്യയന വർഷത്തിന്റെ ആരംഭം മുതൽ ഹോസ്റ്റലുകളിൽ കൗൺസിലർമാരുടെ സേവനം ഏർപ്പെടുത്തണമെന്നും ആഴ്ചയിൽ ഒരു ദിവസമെങ്കിലും കൗൺസിലർമാരുടെ സേവനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

കൗൺസിലർമാരുടെ സേവനം അധ്യയന വർഷാരംഭമാസം മുതൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. കൗൺസിലറുടെ സേവനം ഉറപ്പ് വരുത്തുന്നതാണ്.

ശിപാർശ നമ്പർ 19 (ഖണ്ഡിക നമ്പർ 62)

പി.എസ്.സി. റാങ്കലിസ്റ്റുകൾ നിലവിലില്ലാത്ത സാഹചര്യങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള സീനിയോറിറ്റി ലിസ്റ്റിന്റെയടിസ്ഥാനത്തിൽ യോഗ്യരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ ഹോസ്റ്റൽ വാർഡന്മാരായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

ഇക്കാര്യം പരിശോധിക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിലെയും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും വാർഡൻ തസ്തിക ഉൾപ്പെടെയുള്ള താൽക്കാലിക ഒഴിവുകളിൽ 95 ശതമാനവും കഴിവും, പ്രാപ്തിയും നൈപുണ്യവുമുള്ള പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെയാണ് നിയമിക്കുന്നത്.

ശിപാർശ നമ്പർ 20 (ഖണ്ഡിക നമ്പർ 62)

ഹോസ്റ്റൽവാർഡന്മാർക്കുള്ള അടിസ്ഥാനയോഗ്യതയായ എസ്.എസ്.എൽ.സി.-ക്ക് പകരം ബിരുദവും ബി.എഡും ആക്കി പരിഷ്കരിക്കണമെന്നും തസ്തിക വാർഡൻ-കം-റസിഡൻഷ്യൽ ട്യൂട്ടർ എന്ന് പുനർനാമകരണം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഒന്നാം ക്ലാസുമുതലുള്ള കുട്ടികളെ പരിചരിക്കേണ്ടതിനാൽ, നിയമനത്തിന്റെ തുടക്കത്തിൽ തന്നെ കുട്ടികളോട് സ്വീകരിക്കേണ്ട സമീപനത്തെ സംബന്ധിച്ച് പരിശീലനം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

ഇക്കാര്യം പരിശോധിക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

വാർഡൻ തസ്തികയുടെ പുനർനാമകരണവും യോഗ്യതാ പ്രമാണങ്ങളും സംബന്ധിച്ച സമിതിയുടെ ശിപാർശയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. ഹോസ്റ്റൽ ജീവനക്കാർ കുട്ടികളോട് സ്വീകരിക്കേണ്ട സമീപനം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ഐ.എം.ജി. മുഖാന്തിരം വകുപ്പ് നടപ്പിലാക്കുന്ന ഹോസ്റ്റൽ ജീവനക്കാരുടെ പരിശീലന പരിപാടിയിൽ ഒരു വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ നമ്പർ 21 (ഖണ്ഡിക നമ്പർ 63)

കുട്ടികളുടെ എണ്ണം കണക്കിലെടുക്കാതെ, എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിലും രണ്ട് സ്ഥിരം പാചകക്കാരെ വീതം നിയമിക്കണമെന്നും കുട്ടികൾ കൂടുതലുള്ള ഹോസ്റ്റലുകളിൽ ആവശ്യാനുസരണം കൂടുതൽ പാചകക്കാരെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പ്രീ മെട്രിക് ഹോസ്റ്റലുകളിൽ 2 കുക്കുമാരുടെ തസ്തികയാണുള്ളത്. തസ്തിക ഒഴിവുവരുമ്പോൾ ഹോസ്റ്റൽ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിൽ ഒരു ഹോസ്റ്റലിന് ചുരുങ്ങിയത് രണ്ട് കുക്ക് എന്ന ക്രമത്തിൽ നിയമിച്ചുവരുന്നു. കൂടാതെ, അധിക 30 കുട്ടികൾക്കും ഒരു കുക്ക് എന്ന തരത്തിൽ കുക്കുമാരെ നിയമിച്ചുവരുന്നു.

ശിപാർശ നമ്പർ 22 (ഖണ്ഡിക നമ്പർ 64)

എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും 2 സ്ഥിരം വാച്ചർമാരെവീതം നിയമിക്കണമെന്നും ഷിഫ്റ്റ് അടിസ്ഥാനത്തിൽ അവരുടെ ഡ്യൂട്ടി ക്രമീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ഒരു വാച്ച്മാൻ തസ്തികയാണ് നിലവിലുള്ളത്. ഒരാളെക്കൂടി നിശ്ചയിക്കുന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം പൂച്ചെടിവിള, കൊല്ലം (പെൺ), കോട്ടയം, നാട്ടകം (പെൺ), ചങ്ങനാശ്ശേരി, പാലക്കാട് (പെൺ), കാസർഗോഡ്, വിദ്യാനഗർ (പെൺ), മഞ്ചേശ്വരം (ആൺ) എന്നീ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും എറണാകുളം ജില്ലയിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും നിലവിൽ വാച്ച്മാൻ ഉണ്ട്. തിരുവനന്തപുരം, വെള്ളയമ്പലം, കോഴിക്കോട് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (പെൺ) എന്നിവിടങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ച്മാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിലെ വാച്ച്മാൻ നിലവിലില്ലാത്ത പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ സെക്യൂരിറ്റി ഗാർഡ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ നിലവിൽ ഒരു വാച്ച്മാൻ തസ്തിക മാത്രമാണുള്ളത്. രണ്ട് സ്ഥിരം വാച്ച്മാൻമാരെ നിയമിക്കുന്നതിനും ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഡ്യൂട്ടി ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ നമ്പർ 23 (ഖണ്ഡിക നമ്പർ 65)

കുട്ടികളുടെ സുരക്ഷിതത്വത്തിനായി നിയോഗിക്കപ്പെടുന്ന പുരുഷജീവനക്കാരായ വാച്ചർമാർക്കുവേണ്ടി ഹോസ്റ്റലിനോട് ചേർന്ന് പ്രത്യേകം മുറികൾ നിർമ്മിച്ചുനൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ വനിതാ വാർഡന്മാരെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

വാച്ച്മാൻ ക്യാബിനുകൾ ഇല്ലാത്ത ഹോസ്റ്റലുകളിൽ ആയത് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ വനിതാ വാർഡന്മാരെ നിയമിച്ചിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പെൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളിൽ സ്ത്രീജീവനക്കാരെയാണ് വാർഡനായി നിയമിക്കുന്നത്. പുരുഷ വാച്ച്മാൻ ജോലി ചെയ്യുന്ന ഹോസ്റ്റലിൽ അവർക്കായി പ്രത്യേകം മുറിയും ക്രമീകരിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 24 (ഖണ്ഡിക നമ്പർ 66)

എൽ. പി. വിഭാഗം കുട്ടികൾ താമസിക്കുന്ന എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിലും അവരുടെ പരിചരണത്തിനായി ആവശ്യാനുസരണം ആയമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക് ഹോസ്റ്റലുകൾ എൽ. പി. വിഭാഗം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നില്ല.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

എൽ. പി. വിഭാഗം കുട്ടികൾക്ക് വളരെ ചുരുക്കം ചില സാഹചര്യങ്ങളിൽ മാത്രമെ പ്രീ മെട്രിക് ഹോസ്റ്റലുകളിൽ പ്രവേശനം നൽകാറുള്ളൂ. കൂടുതലായി ഇതുപോലെ എൽ. പി. വിഭാഗം കുട്ടികൾക്ക് പ്രീ മെട്രിക് ഹോസ്റ്റലിൽ പ്രവേശനം നൽകുകയാണെങ്കിൽ ആയമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ നമ്പർ 25 (ഖണ്ഡിക നമ്പർ 67)

സർഗ്ഗവാസനയും കലാനൈപുണ്യവും കായികതൽപ്പരതയുമുള്ള കുട്ടികളെ തെരഞ്ഞെടുത്ത് അവർക്കാവശ്യമായ പരിശീലനം നൽകണമെന്നും മൽസരവേദികളിൽ സർക്കാർ ചെലവിൽത്തന്നെ പങ്കെടുപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിലെയും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും വിദ്യാർത്ഥി വിദ്യാർത്ഥിനികളെ ഉൾപ്പെടുത്തി അവരുടെ കലാപരമായ കഴിവുകളെ പ്രോൽസാഹിപ്പിക്കുന്നതിനായി സർഗ്ഗോത്സവം എന്ന പേരിൽ ഒരു സംസ്ഥാനതല കലാമേള 2014 മുതൽ സംഘടിപ്പിച്ചുവരുന്നു. ടി മേളയിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനത്തിനായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് 50,000 രൂപ വീതവും ഹോസ്റ്റലുകൾക്ക് 10,000 രൂപ വീതവും ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കലാമേളയിൽ വിജയികളാകുന്നവർക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ ഗ്രേസ് മാർക്ക് അനുവദിച്ചുവരുന്നു. കൂടാതെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികൾക്ക് ഉപജില്ല-ജില്ലാ-സംസ്ഥാനതലത്തിലുള്ള യുവജനോത്സവങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ചെലവും നൽകിവരുന്നുണ്ട്.

<u>ശിപാർശ നമ്പർ 26 (ഖണ്ഡിക നമ്പർ 68)</u>

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിലും ഇംഗ്ലീഷ്, ഹിന്ദി, സയൻസ്, കണക്ക് വിഷയങ്ങൾക്ക് പുറമെ, സോഷ്യൽ സയൻസ്, മലയാളം എന്നീ വിഷയങ്ങൾക്കുകൂടി ട്യൂഷൻ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിൽ പഠിക്കുന്ന അന്തേവാസികൾക്ക് ട്യൂഷൻ സൗകര്യം ഏർപ്പെടുത്തണമെന്നും എൻട്രൻസ് പരീക്ഷാ പരിശീലനം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ഇംഗ്ലീഷ്, ഹിന്ദി, നാച്ചുറൽ സയൻസ്, ഫിസിക്കൽ സയൻസ്, കണക്ക്, സോഷ്യൽ സ്റ്റഡീസ് എന്നീ വിഷയങ്ങൾക്ക് ട്യൂഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മിടുക്കരായ കുട്ടികൾക്ക് എൻട്രൻസ് പരിശീലനത്തിനായി ധനസഹായം നൽകിവരുന്നുണ്ട്.

(ii) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളിലെ പി.ടി. ട്യൂട്ടർമാരുടെ എണ്ണം പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളിലേതിന് സമാനമായി 6 പി.ടി. ട്യൂട്ടർമാരെ നിയമിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ അന്തേവാസികൾക്ക് ട്യൂഷൻ ഫീസ് നൽകിവരുന്നു.

<u>ശിപാർശ നമ്പർ 27 (ഖണ്ഡിക നമ്പർ 69)</u>

കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി ഓണറേറിയം നൽകി, കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ബി.ടെക്. വിദ്യാർത്ഥികൾ താമസിക്കുന്ന എല്ലാ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

പ്രീ മെട്രിക് ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർ പഠിപ്പിക്കുന്നതിനായി ഓണറേറിയം വ്യവസ്ഥയിൽ ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതിനും, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

സ്ഥലസൗകര്യമുള്ള ഹോസ്റ്റലുകളിൽ ആവശ്യമായ കമ്പ്യൂട്ടറുകൾ വിതരണം ചെയ്തിട്ടുണ്ട്. ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റ് സജ്ജീകരണവും ലഭ്യമാക്കിയതിന് ശേഷം സമിതിയുടെ ശിപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ നമ്പർ 28 (ഖണ്ഡിക നമ്പർ 70)</u>

ട്യൂട്ടർമാരുടെ പ്രതിമാസ ഓണറേറിയം കാലോചിതമായി പരിഷ്കരിച്ച്, കുട്ടികൾക്ക് നല്ല നിലവാരമുള്ള ട്യൂഷൻ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും കുട്ടികൾ കൂടുതലുള്ള ഹോസ്റ്റലുകളിൽ ആവശ്യാനുസരണം ട്യൂട്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

ട്യൂട്ടർമാരുടെ ഓണറേറിയം ഹൈസ്കൂൾ വിഭാഗത്തിന് 4,000 രൂപയായും യു. പി. വിഭാഗത്തിന് 3,000 രൂപയായും വർദ്ധിപ്പിച്ച് സ.ഉ.(സാധാ.) നമ്പർ 134/14/പജപവവിവ. തീയതി 24-1-2014 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇംഗ്ലീഷ്, ഹിന്ദി, കണക്ക്, സോഷ്യൽ സ്റ്റഡീസ്, നാച്ചറൽ സയൻസ്, ഫിസിക്കൽ സയൻസ് എന്നീ വിഷയങ്ങൾക്ക് നിലവിൽ ട്യൂഷൻ നൽകിവരുന്നു.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

ട്യൂട്ടർമാരുടെ ഓണറേറിയം നിലവിലുള്ള നിരക്കിൽ നിന്നും അപ്പർ പ്രൈമറി ട്യൂട്ടർമാർക്ക് 3,000 രൂപയായും ഹൈസ്കൂൾ ട്യൂട്ടർമാർക്ക് 4,000 രൂപയായും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശിപാർശ നമ്പർ 29 (ഖണ്ഡിക നമ്പർ 71)

പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾ പഠനം നടത്തുന്ന സ്കൂളിലെ മേധാവികൾ മാസത്തിലൊരിക്കൽ ഹോസ്റ്റലുകൾ സന്ദർശിച്ച് കുട്ടികളുടെ പഠനനിലവാരം ഹോസ്റ്റൽ ജീവനക്കാരുമായി അവലോകനം നടത്തുന്ന തരത്തിലോ ഹോസ്റ്റൽ വാർഡന്മാർ സ്കൂൾ സന്ദർശിച്ച് അദ്ധ്യാപകരുമായി ചർച്ച നടത്തുന്നതരത്തിലോ ഉള്ള യുക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

ഹോസ്റ്റൽ വാർഡന്മാർ അദ്ധ്യാപകരുമായി ചർച്ച നടത്തി കുട്ടികളുടെ പഠനനിലവാരം അവലോകനം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

ഹോസ്റ്റൽ വാർഡന്മാർ കുട്ടികളുടെ ലോക്കൽ ഗാർഡിയൻ എന്ന നിലയിൽ സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് കുട്ടികളുടെ വിദ്യാഭ്യാസകാര്യങ്ങൾ സംബന്ധിച്ച അന്വേഷണങ്ങൾ നടത്തുന്നതിനും പഠനപുരോഗതി സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നതിലും നിലവിൽ നിർദ്ദേശമുള്ളതാണ്. ആയത് കർശനമായി പാലിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(iii) പൊതുവിദ്യാഭ്യാസ (ജി) വകുപ്പിന്റെ 10-8-2015-ലെ 45922/ജി3/2014/പൊ.വി.വ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)യുടെ 10-ാമത് റിപ്പോർട്ടിലെ 29-ാമത് ശിപാർശ നടപ്പിലാക്കുവാൻ 29-9-2014-ലെ നമ്പർ എ.സി.ഡി.സി1/39504/2013 സർക്കുലർ (പകർപ്പ് അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു.) പ്രകാരം ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾ പഠനം നടത്തുന്ന സ്കൂളിലെ പ്രധാന അദ്ധ്യാപകർക്ക് നിർദ്ദേശം നൽകിക്കൊണ്ടുള്ള സർക്കുലർ ഉടൻ പുറപ്പെടുവിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ നമ്പർ 30 (ഖണ്ഡിക നമ്പർ 72)

പൊതുഗതാഗത സംവിധാനങ്ങളോ സ്കൂളിൽ നിന്നുള്ള വാഹനസൗകര്യമോ ലഭ്യമാകാത്ത പ്രീ മെട്രിക് ഹോസ്റ്റലുകളിൽ നിന്നും കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനും തിരികെ കൊണ്ടുവരുന്നതിനും വേണ്ടി വാഹനസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് വാഹനസൗകര്യം ഏർപ്പെടുത്തുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ദുർഘടമായ സ്ഥലങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനത്തിൽ പോയി പഠിക്കുന്നതിനും തിരികെയെത്തിക്കുന്നതിനും 'ഗോത്രസാരഥി' പദ്ധതി 2013-14 മുതൽ വകുപ്പ് നടപ്പിലാക്കിവരുന്നു. ഫീസിബിലിറ്റി അനുസരിച്ച് പ്രീ മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ നമ്പർ 31 (ഖണ്ഡിക നമ്പർ 73)

പ്രീ മെട്രിക് ഹോസ്റ്റലുകളിൽ നിന്നും അവധിക്കാലത്ത് വീടുകളിൽ പോകുന്ന എല്ലാ കുട്ടികളെയും, അതത് പ്രദേശങ്ങളിലെ എസ്.സി.എസ്.ടി. പ്രൊമോട്ടർമാരുടെ സഹായത്തോടെ, സ്കൂൾ തുറക്കുന്ന ദിവസംതന്നെ തിരികെ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

സമിതിയുടെ നിർദ്ദേശം നിലവിൽ പാലിക്കുന്നുണ്ട്. എന്തെങ്കിലും വീഴ്ച ഉള്ളതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം നടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ നമ്പർ 32 (ഖണ്ഡിക നമ്പർ 74)

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിൽ നിന്നും വർഷത്തിലൊരിക്കൽ വിനോദയാത്ര സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

സ്കൂൾ അധികൃതർ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് വകുപ്പിൽ നിന്നും തുക അനുവദിച്ചുവരുന്നുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പ്രീ മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന സ്കൂളുകളിൽ നിന്നും പോകുന്ന പഠനവിനോദയാത്രകൾക്ക് വേണ്ടിവരുന്ന യഥാർത്ഥ ചെലവ് വകുപ്പ് അനുവദിക്കുന്നുണ്ട്. ഹോസ്റ്റലുകൾക്ക് പ്രത്യേകമായി വിനോദയാത്ര സംഘടിപ്പിക്കണമെന്ന സമിതിയുടെ ശിപാർശ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

ശിപാർശ നമ്പർ 33 (ഖണ്ഡിക നമ്പർ 75)

കുട്ടികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി, സ്കൂൾ യൂണിഫോം, നൈറ്റ്ഡ്രസ്, ബെഡ്ഷീറ്റ്, ചെരുപ്പ് എന്നിവ അധ്യയന വർഷത്തിന്റെ ആദ്യദിവസങ്ങളിൽത്തന്നെ കുട്ടികൾക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സ്കൂൾ യൂണിഫോം, നൈറ്റ്ഡ്രസ് എന്നിവ തുന്നിനൽകുന്നതിന് കരാർ നൽകുമ്പോൾ കുട്ടികൾക്കനുയോജ്യമായ രീതിയിൽത്തന്നെ വസ്ത്രങ്ങൾ തുന്നി നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

ഉറപ്പുവരുത്തുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

ഹോസ്റ്റൽ കുട്ടികൾക്കായുള്ള യൂണിഫോംതുണി വാങ്ങുന്നതിനുള്ള നടപടികൾ മേയ് ആദ്യവാരത്തോടെ വകുപ്പ് പൂർത്തിയാക്കുന്നുണ്ടെങ്കിലും, അധ്യയന വർഷം ആരംഭിച്ച് സ്കൂൾ തുറന്നതിനുശേഷം മാത്രമാണ് വിദ്യാർത്ഥികൾ ഹോസ്റ്റലുകളിൽ ഹാജരാകുന്നത്. ആയതിനുശേഷം മാത്രമേ കുട്ടികൾക്ക് പാകമായ അളവുകൾ തിട്ടപ്പെടുത്തി തുന്നിക്കുന്നതിന് വർക്ക് ഓർഡർ നൽകുവാൻ കഴിയുകയുള്ളൂ. ആയതിനാലാണ് ഇക്കാര്യത്തിൽ ഒഴിവാക്കാനാവാത്ത കാലതാമസം സംഭവിച്ചുപോകുന്നത്. എന്നിരുന്നാലും അധ്യയനവർഷാരംഭമായ ജൂൺ മാസം അവസാനിക്കുന്നതിന് മുമ്പ് യൂണിഫോം വിതരണം പൂർത്തിയാക്കുവാൻ ജില്ലാതല ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ നമ്പർ 34 (ഖണ്ഡിക നമ്പർ 76)</u>

പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്കുള്ള സ്റ്റേഷനറി അലവൻസ് ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്ക് 600 രൂപയായും യു. പി. വിഭാഗം വിദ്യാർത്ഥികൾക്ക് 400 രൂപയായും എൽ. പി. വിഭാഗം വിദ്യാർത്ഥികൾക്ക് 300 രൂപയായും വർദ്ധിപ്പിക്കണമെന്നും തുടർവർഷങ്ങളിൽ കാലോചിതമായി പരിഷ്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

പോസ്റ്റ് മെട്രിക്, പ്രീ മെട്രിക് ഹോസ്റ്റലുകളിലെ മെസ് ചാർജ് ഒഴികെയുള്ള അലവൻസുകൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ii) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

ഹോസ്റ്റൽ അന്തേവാസികൾക്ക് നിലവിലുള്ള സ്റ്റേഷനറി അലവൻസ് എൽ. പി./യു. പി. വിദ്യാർത്ഥികൾക്ക് 260 രൂപയായും, എച്ച്. എസ്. വിഭാഗത്തിന് 390 രൂപയായും, എച്ച്.എസ്.എസ്. വിഭാഗത്തിന് 520 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കാലോചിതമായി പരിഷ്കരിക്കണമെന്ന സമിതിയുടെ നിർദ്ദേശം പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ നമ്പർ 35 (ഖണ്ഡിക നമ്പർ 77)

സംസ്ഥാനത്ത് മലയോര മേഖലകളിൽ സ്ഥിതിചെയ്യുന്ന എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിലെയും അന്തേവാസികൾക്ക് കമ്പിളി വാങ്ങുന്നതിനുള്ള അലവൻസ് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

അനുവദിച്ചുവരുന്നുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

വയനാട്, പാലക്കാട്, ഇടുക്കി ജില്ലകൾ ഒഴികെയുള്ള ജില്ലകളിലെ മലയോര മേഖലകളെ കണ്ടെത്തി ഹോസ്റ്റൽ അന്തേവാസികൾക്ക് കമ്പിളി അലവൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ നമ്പർ 36 (ഖണ്ഡിക നമ്പർ 78)

ഹോസ്റ്റലുകളിൽ ശുചീകരണം ഉൾപ്പെടെയുള്ള രോഗപ്രതിരോധപ്രവർത്തനങ്ങൾ വിട്ടുവീഴ്ചയില്ലാതെ ചെയ്യണമെന്നും പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാർ ആഴ്ചയിലൊരിക്കൽ ഹോസ്റ്റലുകളിലെത്തി കുട്ടികളുടെ ആരോഗ്യനില പരിശോധിക്കണമെന്നും മെഗാ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് പ്രത്യേക ചികിത്സയും കിടത്തിചികിത്സയും ആവശ്യമായിവരുന്ന സന്ദർഭങ്ങളിൽ, അതിനുവേണ്ട എല്ലാ ചെലവും ബന്ധപ്പെട്ട വകുപ്പുകൾ വഹിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. അതത് ജില്ലകളിലെ DMO യുമായി ബന്ധപ്പെട്ട് ആഴ്ചയിലൊരിക്കൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാർ ഹോസ്റ്റലുകൾ സന്ദർശിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹോസ്റ്റൽ അന്തേവാസികൾക്ക് അടിയന്തര ചികിത്സ ആവശ്യമാകുന്ന സന്ദർഭങ്ങളിൽ അതിന്റെ മുഴുവൻ ചെലവും വകുപ്പ് വഹിച്ചുവരുന്നുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഹോസ്റ്റലുകളിലും കാലാകാലങ്ങളിൽ ആരോഗ്യ വകുപ്പ്, മറ്റ് ഏജൻസികൾ എന്നിവയുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പുകൾ/ആരോഗ്യ പരിശോധന എന്നിവ നടത്തിവരുന്നു.

(iii) ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പിന്റെ 9-9-2015-ലെ 17921/എ 3/2014/ H&FWD(1) നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പ്രീ മെട്രിക് ഹോസ്റ്റലുകളിൽ പകർച്ചവ്യാധികൾ തടയുന്നതിനുവേണ്ടി ആരോഗ്യ വകുപ്പ് പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ ഇടവിട്ട് നടത്തുന്നുണ്ട്. ഇതുകൂടാതെ പരിസരശുചിത്വം, വ്യക്തിശുചിത്വം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചും, പകർച്ചവ്യാധി നിയന്ത്രണം, കൗമാര ആരോഗ്യം, വ്യക്തിശീലങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകളും നടത്തുന്നുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാർ അടക്കമുള്ള ഒരു ടീം ഹോസ്റ്റലുകളിൽ സന്ദർശനം നടത്തിയാണ് മെഡിക്കൽ ക്യാമ്പും ചികിത്സയും നൽകുന്നത്. ആവശ്യമെങ്കിൽ കൂടുതൽ ഹോസ്റ്റൽ സന്ദർശനങ്ങളും മെഡിക്കൽ ക്യാമ്പുകളും നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഇപ്പോൾ ലഭ്യമായിട്ടുള്ള ഡോക്ടർമാരുടെ എണ്ണവും ലഭ്യതയും കണക്കിലെടുക്കുമ്പോൾ ആഴ്ചയിലൊരിക്കൽ ഹോസ്റ്റലുകളിലെത്തി കുട്ടികളുടെ പരിശോധന നടത്തുന്നതിന് പല പരിമിതികളുമുണ്ട്. പ്രത്യേക ചികിത്സയും കിടത്തി ചികിത്സയും ആവശ്യമായ കുട്ടികൾക്ക് പി.എച്ച്.സി./സി.എച്ച്.സി./സർക്കാർ ആശുപത്രികളിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ചും ട്രൈബൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റുവഴി ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ചും ചികിത്സാ സേവനങ്ങൾ ലഭ്യമാക്കിവരുന്നുണ്ട്.

ശിപാർശ നമ്പർ 37 (ഖണ്ഡിക നമ്പർ 79)

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിലും ലാൻഡ് ഫോൺ സൗകര്യം ഏർപ്പെടുത്തണമെന്നും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ നിർജ്ജീവാവസ്ഥയിലുള്ള ലാൻഡ് ഫോണുകൾ പ്രവർത്തനസജ്ജമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

സാമ്പത്തികബാധ്യത തിട്ടപ്പെടുത്തിയും പ്രായോഗികത വിലയിരുത്തിയും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. ഹോസ്റ്റൽ വാർഡന്റെ ഫോൺ നമ്പർ എല്ലാ മാതാപിതാക്കൾക്കും നൽകിയിട്ടുണ്ട്. ഹോസ്റ്റലുകളിലെ വാർത്താ വിനിമയ അപര്യാപ്തത സംബന്ധിച്ച് വകുപ്പിനെതിരെ ഗൗരവമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും അറിയിക്കുന്നു.

<u>ശിപാർശ നമ്പർ 38 (ഖണ്ഡിക നമ്പർ 80)</u>

പ്രതിമാസ അലവൻസ് ഇനത്തിൽ (പോക്കറ്റ്മണി) അന്തേവാസികൾക്ക് അനുവദിക്കുന്ന തുക എല്ലാ മാസവും കൃത്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

പോക്കറ്റ്മണി കൃത്യമായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ii) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

സമിതിയുടെ ശിപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ നമ്പർ 39 (ഖണ്ഡിക നമ്പർ 81)</u>

പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ലൈബ്രറി സൗകര്യം കുട്ടികൾക്ക് പ്രയോജനപ്രദമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ഇംഗ്ലീഷ് ദിനപ്പത്രംകൂടി ലഭ്യമാക്കിയാൽ, കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് പ്രയോജനപ്പെടുമെന്നതിനാൽ, എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിലും മലയാളം ദിനപ്പത്രത്തിനുപുറമെ, ഒരു ഇംഗ്ലീഷ് ദിനപ്പത്രംകൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

സമിതിയുടെ നിർദ്ദേശത്തിന്മേൽ അനുകൂലമായ നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ നമ്പർ 40 (ഖണ്ഡിക നമ്പർ 82)

പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക്, ഒഴിവുവേളകളിൽ ഏതെങ്കിലും കൈത്തൊഴിൽ പരിശീലിക്കുന്നതിനുള്ള സൗകര്യം എല്ലാ ഹോസ്റ്റലുകളിലും ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ തയ്യൽമെഷീനുകൾ വാങ്ങി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ സ്ഥലസൗകര്യം അനുവദിച്ച് 2 മുതൽ 5 വരെ തയ്യൽമെഷീൻ നൽകിയിട്ടുണ്ട്. മറ്റ് തൊഴിലുകൾ പരിശീലിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ നമ്പർ 41 (ഖണ്ഡിക നമ്പർ 83)

പെൺകുട്ടികളുടെ എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും നാപ്കിൻ വെൻഡിംഗ് മെഷീൻ വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

സാനിട്ടറി പാഡ് ഡിസ്പോസൽ മെഷീൻ എല്ലാ ഹോസ്റ്റലുകളിലും സ്ഥാപിച്ചിട്ടുണ്ട്. നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി

ഹോസ്റ്റലുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്.

<u>ശിപാർശ നമ്പർ 42 (ഖണ്ഡിക നമ്പർ 84)</u>

പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ തകരാറിലാകുന്ന ഉപകരണങ്ങളും ഫർണിച്ചറുകളും യഥാസമയം അറ്റകുറ്റപ്പണികൾ നടത്തണമെന്നും ഉപയോഗശൂന്യമായ വസ്തുക്കൾ ലേലംചെയ്ത് വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(i) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 11-8-2015-ലെ 4631/ബി1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 18-8-2015-ലെ 5939/ഇ 1/2014/പജപവവിവ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി</u>

തകരാറിലാകുന്ന ഉപകരണങ്ങൾ ഉപയോഗയോഗ്യമാക്കാൻ കഴിയുന്നവ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗിക്കുന്നുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയായ സ്ഥലങ്ങളിൽ ഉപയോഗശൂന്യമായ ഫർണിച്ചറും മറ്റ് വസ്തുവകകളും ലേലംചെയ്ത് വിൽക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 നവംബർ 25.

*ഭരണഭാഷ-മാതൃഭാഷ*

<u>അനുബന്ധം</u>

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

നമ്പർ എസിഡി.സി1/39504/2013

തീയതി 29-9-2014.

## സർക്കുലർ

<u>വിഷയം:</u>—ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ്—പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14) പത്താമത് റിപ്പോർട്ട്—സംബന്ധിച്ച്

<u>സൂചന:</u>— 20-8-2014-ലെ 45922/ജി3/2014/പൊ.വി.വ. നമ്പർ സർക്കാർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾ പഠനം നടത്തുന്ന സ്കൂളിലെ പ്രിൻസിപ്പാൾമാർ/മേധാവികൾ മാസത്തിലൊരിക്കൽ ഹോസ്റ്റലുകൾ സന്ദർശിച്ച് കുട്ടികളുടെ പഠന നിലവാരം ഹോസ്റ്റൽ ജീവനക്കാരുമായി അവലോകനം നടത്തുകയോ ഹോസ്റ്റൽ വാർഡൻമാർ സ്കൂൾ സന്ദർശിച്ച് അദ്ധ്യാപകരുമായി ചർച്ച നടത്തുകയോ ചെയ്യണമെന്ന് പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)-യുടെ പത്താമത് റിപ്പോർട്ടിൽ ശിപാർശ ചെയ്യുന്നുണ്ട്. ആയത് നടപ്പാക്കുവാൻവേണ്ട നടപടികൾ ടി സ്കൂൾ പ്രിൻസിപ്പാൾമാർ/ഹോസ്റ്റൽ വാർഡൻമാർ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)

*ജോയിന്റ് ഡയറക്ടർ (അക്കാദമിക്).*